**നം.ഇ.എക്സ്.എ3/17020/2018/സി.ജി.ഇ**

പരീക്ഷാകമ്മീഷണറുടെ കാര്യാലയം,
പരീക്ഷാഭവൻ, പൂജപ്പുര,
തിരുവനന്തപുരം, തീയതി: 04/05/2018.

# സർക്കുലർ

വിഷയം :- പൊ.വി. പൊതുപരീക്ഷകൾ- 2018 മാർച്ചിലെ റ്റി.എച്ച്.എസ്.എൽ.സി (എച്ച്.ഐ) പരീക്ഷയുടെ ഉത്തരക്കടലാസുകളുടെ **പുനർമൂല്യനിർണ്ണയം, ഫോട്ടോകോപ്പി, സ്ക്രൂട്ടിണി** എന്നിവയ്ക്കുള്ള അപേക്ഷകൾ രജിസ്റ്റർ ചെയ്യുന്നത് - സംബന്ധിച്ച്.

സൂചന :- 26/10/2017-ാം തീയതിയിലെ ഇ.എക്സ്/സി.ജനറൽ (3) /44358/2017/സി.ജി.ഇ നമ്പർ വിജ്ഞാപനം

.......

2018 മാർച്ച് മാസത്തിൽ നടത്തിയ റ്റി.എച്ച്.എസ്.എൽ.സി (എച്ച്.ഐ) പരീക്ഷയുടെ ഉത്തരക്കടലാസുകളുടെ പുനർമൂല്യനിർണ്ണയം, ഫോട്ടോകോപ്പി, സ്ക്രൂട്ടിണി എന്നിവക്കുള്ള രജിസ്ട്രേഷൻ 07/05/2018 മുതൽ 11/05/2018 വൈകുന്നേരം 5 മണി വരെ നടത്താവുന്നതാണ്. പരീക്ഷാർത്ഥികൾ അപേക്ഷയും അപേക്ഷാ ഫീസും ബന്ധപ്പെട്ട സ്കൂൾ ഹെഡ്മാസ്റ്ററെ മെയ് 11 വെള്ളിയാഴ്ച വൈകുന്നേരം 5 മണിക്ക് മുമ്പ് ഏല്പിക്കേണ്ടതാണ്. ഉത്തരക്കടലാസ്സുകളുടെ പുനർമൂല്യനിർണ്ണയത്തിന് പേപ്പർ ഒന്നിന് 400/- രൂപ, ഫോട്ടോകോപ്പിക്ക് 200/ രൂപ, സ്ക്രൂട്ടിണിക്ക് 50/- രൂപ എന്ന നിരക്കിലാണ് ഫീസ് അടക്കേണ്ടത്. പുനർമൂല്യനിർണ്ണയത്തിന് അപേക്ഷിക്കുന്ന പേപ്പറുകളുടെ സ്ക്രൂട്ടിണിക്കായി പ്രത്യേകം അപേക്ഷിക്കേണ്ടതില്ല. ഹെഡ്മാസ്റ്റർമാർ ലഭിച്ചിട്ടുള്ള അപേക്ഷകൾ സസൂക്ഷ്മം പരിശോധിക്കേണ്ടതും ഫീസ് പണമായി സ്വീകരിച്ച് അപേക്ഷകർക്ക് രസീത് നൽകേണ്ടതുമാണ്. **മെയ് 11-ാം തീയതി വൈകുന്നേരം 5 മണിക്ക് ശേഷം ലഭിക്കുന്നതും അപൂർണ്ണമായ വിവരങ്ങൾ അടങ്ങിയതുമായ അപേക്ഷകൾ യാതൊരു കാരണവശാലും ഹെഡ്മാസ്റ്റർ സ്വീകരിക്കുവാൻ പാടുള്ളതല്ല.**

പുനർമൂല്യനിർണ്ണയത്തിൽ ഉയർന്ന ഗ്രേഡ് ലഭിച്ച പേപ്പറിന് അടച്ച ഫീസ് തിരികെ നൽകുന്നതാണ്. **ഉത്തരക്കടലാസ്സിന്റെ ഫോട്ടോകോപ്പി ലഭിച്ചതിനുശേഷം ആദ്യ മൂല്യനിർണ്ണയത്തിൽ പോരായ്മകൾ ഉണ്ടെന്ന് ചൂണ്ടികാട്ടി പുനർമൂല്യനിർണ്ണയം നടത്തണമെന്ന് ആവശ്യപ്പെട്ടു സമർപ്പിക്കുന്ന അപേക്ഷകൾ യാതൊരു കാരണവശാലും പരിഗണിക്കുന്നതല്ല.** എന്നാൽ ഉത്തരക്കടലാസിന്റെ ഫോട്ടോകോപ്പി ലഭ്യമായവർക്ക് മൂല്യനിർണ്ണയം ചെയ്യാത്ത ഉത്തരങ്ങൾ, സ്കോറുകൾ കൂട്ടിയതിലുള്ള പിശകുകൾ എന്നിവ ശ്രദ്ധയിൽപ്പെട്ടാൽ അതു പരിഹരിക്കുന്നതിന് പരീക്ഷാഭവൻ സെക്രട്ടറിക്ക് അപേക്ഷ നൽകാവുന്നതാണ്.

## ഹെഡ്മാസ്റ്റർമാരുടെ ചുമതലകൾ

അപേക്ഷകർ സമർപ്പിക്കുന്ന അപേക്ഷയിലെ വിവരങ്ങൾ ഹെഡ്മാസ്റ്റർ സൂക്ഷ്മപരിശോധന ചെയ്യേണ്ടതാണ്. സ്കൂളിൽ ലഭിച്ച അപേക്ഷകളുടെ പകർപ്പ്, കൺസോളിഡേറ്റഡ് സ്റ്റേറ്റ്മെന്റ് എന്നിവ ഹെഡ്മാസ്റ്റർ ഒപ്പിട്ട് മേയ് 18 - നു പരീക്ഷാഭവനിൽ ലഭിക്കത്തക്ക വിധത്തിൽ സ്പീഡ് പോസ്റ്റായി സൂപ്രണ്ട്, എ-സെക്ഷൻ, പരീക്ഷാഭവൻ, പൂജപ്പുര, തിരുവനന്തപുരം - 695 012 എന്ന വിലാസത്തിൽ അയച്ചുതരേണ്ടതാണ്

അപേക്ഷകരിൽ നിന്നും പുനർമൂല്യനിർണ്ണയം, ഫോട്ടോകോപ്പി, സ്ക്രൂട്ടിണി എന്നിവയ്ക്കായി സ്വീകരിക്കുന്ന ഫീസ് രേഖപ്പെടുത്തുന്നതിനായി ഒരു രജിസ്റ്റർ സ്കൂളിൽ സൂക്ഷിക്കേണ്ടതും ഇത് ആവശ്യപ്പെടുമ്പോൾ പരിശോധനയ്ക്കായി നൽകേണ്ടതുമാണ്. പുനർമൂല്യനിർണ്ണയത്തിൽ ഉയർന്ന ഗ്രേഡ് ലഭിച്ചാൽ ആ പേപ്പറിന് അടച്ച ഫീസ് പുതിയ സർട്ടിഫിക്കറ്റിനോടൊപ്പം അപേക്ഷാർത്ഥിക്ക് നൽകേണ്ടതാണ്.

28/09/2012 - ാം തിയതിയിലെ സർക്കാർ ഉത്തരവ് നം.4611/2012/പൊ.വി.വ പ്രകാരം ഉത്തരക്കടലാസുകളുടെ പുനർമൂല്യനിർണ്ണയത്തിന് ലഭിച്ച തുകയിൽ ഗ്രേഡിന് മാറ്റം വന്ന കേസുകൾക്കുള്ള തുക തിരിച്ചു നൽകിയതിനുശേഷം ബാക്കി തുകയും ഉത്തരക്കടലാസുകളുടെ ഫോട്ടോകോപ്പി, സ്ക്രൂട്ടിണി എന്നി ഇനങ്ങളിൽ ലഭിക്കുന്ന തുകയും ഹെഡ്മാസ്റ്റർമാർ തന്നെ 0202-01-102-99 Other Receipts എന്ന കണക്കു ശീർഷകത്തിൽ ട്രഷറിയിൽ ഒടുക്കേണ്ടതാണ്. ആയതിന്റെ ഫോട്ടോകോപ്പി (സ്വയം സാക്ഷ്യപ്പെടുത്തിയത്) ഈ സർക്കുലറിനൊപ്പമുള്ള അബ്സ്ട്രാക്ട് സഹിതം 30/06/2018 നകം രജിസ്റ്റേർഡ് പോസ്റ്റായി പരീക്ഷാഭവൻ എ-സെക്ഷൻ സൂപ്രണ്ടിന്റെ പേർക്ക് അയച്ചുതരേണ്ടതാണ്.

പുനർമൂല്യനിർണ്ണയം, സ്ക്രൂട്ടിണി, ഫോട്ടോകോപ്പി ഇനങ്ങളിലായി ശേഖരിക്കുന്ന ഫീസ് യാതൊരു കാരണവശാലും 30/06/2018 നു ശേഷം കൈവശം സൂക്ഷിക്കുവാൻ പാടുള്ളതല്ല. ഈ നിർദ്ദിഷ്ട തുക അടക്കുന്നതിൽ വീഴ്ച വരുത്തുന്നവരിൽ നിന്നും 18% പലിശ സഹിതം തുക ഈടാക്കുന്നതും ബന്ധപ്പെട്ട ഹെഡ്മാസ്റ്ററിന്റെ പേരിൽ യുക്തമായ നടപടികൾ സ്വീകരിക്കുന്നതുമാണ്.



**സെക്രട്ടറി**

ഉള്ളടക്കം : Proforma I, Abstract, Annexue – B

പകർപ്പ്:

1) ബന്ധപ്പെട്ട എല്ലാ സ്കൂൾ ഹെഡ്മാസ്റ്റർമാർക്കും
2) സൂപ്രണ്ട്- സി.ജനറൽ സെക്ഷൻ
3) സിസ്റ്റം മാനേജർ (പരീക്ഷാഭവന്റെ ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനുള്ള നിർദ്ദേശം നൽകുന്നു.
4) ആഫീസ് കോപ്പി.